# നമ്മുടെ സുരക്ഷ നമ്മുടെ കൈയിൽ

അവധിക്കാലം തുടങ്ങി.സ്കൂൾ അടച്ചതിന്റെ സന്തോഷത്തിലാണ് ഉണ്ണിയും അപ്പുവും.അവധിക്കാലം എങ്ങനെ ചെലവഴിക്കണമെന്ന് അവർ ആലോചിക്കുകയായിരുന്നു.പെട്ടെന്നാണ് ഉണ്ണിയും അപ്പുവും അവരുടെ കൂട്ടുകാരായ ഗോപിയും സുമേഷും ഇന്നവരുടെ വീട്ടു വൃത്തിയാക്കുന്നതിനെക്കുറിച്ച് പറഞ്ഞതോർത്തത്.തങ്ങളുടെയും വീടും പരിസരവും വൃത്തിയാക്കുന്നതിനെക്കുറിച്ച് അവർ ആലോചിച്ചു. ഈ ആശയം ഉണ്ണിയും അപ്പുവും അച്ഛന്റെ മുമ്പിൽ അവതരിപ്പിച്ചു.തന്റെ മക്കളുടെ പരിസ്ഥിതി സ്നേഹത്തിൽ അഭിമാനിതനായ അച്ഛനും വീടും പരിസരവും വൃത്തിയാക്കാമെന്ന് തീരുമാനിച്ചു.അങ്ങനെ ഒരു ദിവസം മുഴുവൻ വീടും പരിസരവും വൃത്തിയാക്കുന്നതിനുവേണ്ടി അവർ മാറ്റിവെച്ചു.

അന്നേ ദിവസം ഉണ്ണിയും അപ്പുവും അച്ഛനും കൂടി ചുറ്റുപാടുമുള്ള കരിയിലകൾ തീയിടുകയും,കുപ്പികൾ, ഗ്ലാസുകൾ,മണ്ണിൽ ലയിച്ചു ചേരാത്ത മറ്റു പ്ലാസ്റ്റിക്ക് വസ്തുക്കൾ തുടങ്ങിയവയെല്ലാം ശേഖരിക്കുകയും വെള്ളം കെട്ടി നിൽക്കാനുള്ള സാധ്യതകൾ ഒഴിവാക്കുകയും ചെയ്തു.മാത്രമല്ല പരിസ്ഥിതിയ്ക്കു തണൽ നൽകുന്ന ധാരാളം മരങ്ങൾ നട്ടുപിടിപ്പിക്കുകയും ചെയ്തു.അങ്ങനെ അൽപ്പം കുറുമ്പും കുസൃതികളും തമാശകളുമെല്ലാം പറഞ്ഞ് ഉണ്ണിയും അപ്പുവും അച്ഛനും വീടും പരിസരപ്രദേശങ്ങളും വളരെ മനോഹരമായി വൃത്തിയാക്കി.പെട്ടന്നാണ് അമ്മയുടെ ശബ്ദം കേട്ടത്,"എല്ലാരും ഭക്ഷണം കഴിക്കാൻ വരൂ"നന്നായി അധ്വാനാച്ചതുകൊണ്ട് ഉണ്ണിക്കയ്ക്കും അപ്പുവിനും നല്ല വിശപ്പ് തോന്നിയിരുന്നു.അവർ പെട്ടന്നു തന്നെ പണികളെല്ലാം അവസാനിപ്പിച്ചശേഷം ഭക്ഷണം കഴിക്കാനായി വീട്ടിലേയ്ക്ക് പോയി.ഉണ്ണിയും അപ്പുവും കൈകൾ കഴുകിയതിനുശേഷം ഭക്ഷണം കഴിക്കാനിരുന്നു.അപ്പോഴാണ് അച്ഛന്റെ ശ്രദ്ധയിൽ അതു പെട്ടത്.ഉണ്ണിയുടേയും അപ്പുവിന്റെയും കൈനഖങ്ങൾ വളർന്നിരിക്കുന്നു.അവർ ഭക്ഷണം കഴിക്കുന്നതിനുമുമ്പ് കൈകൾ കഴുകിയെങ്കിലും കൈനഖങ്ങളിലെ ചെളി പോയിട്ടില്ലായിരുന്നു. അച്ഛൻ ഉണ്ണിയേയും അപ്പുവിനേയും സ്നേഹത്തോടെ വിളിച്ചുകൊണ്ടു പറഞ്ഞു,"മക്കളേ നിങ്ങളുടെ കൈനഖങ്ങൾ വളർന്നിരിക്കുന്നു. മാത്രമല്ല,അതിൽ നിറയെ ചെളിയും.നിങ്ങൾ കൈകൾ സോപ്പുപയോഗിച്ച് നന്നായി കഴുകിയില്ല.അതു മാത്രമല്ല,നിങ്ങൾക്കറിയില്ലേ കൈനഖങ്ങൾ വളർന്നാലുടൻ തന്നെ വെട്ടികളയണമെന്ന്".തങ്ങളുടെ തെറ്റ് മനസിലാക്കിയ ഉണ്ണിയും അപ്പുവും അച്ഛനോടു മാപ്പുപറയുകയും കൈനഖങ്ങൾ ഉടൻ തന്നെ വൃത്തിയാക്കാമെന്ന് പറയുകയും ചെയ്തു.

അച്ഛൻ തുടർന്നു;മക്കളേ നമ്മുടെ ശരീരം നമ്മൾ തന്നെയാണ് സംരക്ഷിക്കേണ്ടത്. വ്യക്തിശുചിത്വം മനുഷ്യജീവിതത്തിലെ പരമപ്രധാനമായ കാര്യമാണ്.വ്യക്തിശുചിത്വം പാലിച്ചാൽ പരിസരശുചിത്വം അതോടൊപ്പമുണ്ടാവും.അതിനാൽ നാം എപ്പോഴും ശുചിത്വമുള്ളവരായിരിക്കണം.നമ്മുടെ ശരീരം നാം സൂക്ഷിച്ചാൽ നമുക്ക് രോഗാണുക്കളെ തോൽപ്പിക്കാൻ കഴിയുകയും രോഗപ്രതിരോധശേഷി നേടാൻ സാധിക്കുകയും ചെയ്യും.അതിനാൽ നാം ശുചിത്വം പാലിച്ചാൽ എല്ലാ രോഗങ്ങളും നമ്മോട് വിടപറയും.ലോകം മുഴുവൻ കൊറോണ വൈറസ് എന്ന സൂക്ഷ്മാണുവിന്റെ കൈയിലകപ്പെട്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ശുചിത്വം നാം പാലിച്ചേ മതിയാകൂ.അച്ഛന്റെ വാക്കുകൾ ശ്രദ്ധാപൂർവ്വം കേട്ട ഉണ്ണിയും അപ്പുവും ഇനി മുതൽ ശുചിത്വമുള്ള നല്ല മിടുക്കൻമാരായിരിക്കുമെന്ന് പ്രതിജ്ഞ എടുത്തു.അങ്ങനെ അവർ പരിസ്ഥിതിയെ അടുത്തറിഞ്ഞ് ശുചിത്വശീലമുള്ളവരായി സന്തോഷത്തോടെ ജീവിച്ചു.

എയ്ഞ്ചൽ ബേബി
8 E
സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ മണിക്കടവ്